# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 59

11.12.2012- ൽ മറുപടിക്ക്

<u>സഹകരണ കോൺഗ്രസ്സ് സമ്മേളനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ :<br>ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ.പി.സി. വിഷ്ണുനാഥ്:<br>ശ്രീ. കെ. മുരളീധരൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ കോൺഗ്രസ്സ് സമ്മേളനം നടത്തുകയുണ്ടായോ ; | എ) സംസ്ഥാനത്ത് 7-ാം സഹകരണ കോൺഗ്രസ് സമ്മേളനം 2012 നവംബർ മാസം 13 മുതൽ 16 വരെയുള്ള തീയതികളിൽ തൃശ്ശൂരിൽ വച്ച് നടത്തുകയുണ്ടായി. |
| ബി) സമ്മേളനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) സമ്മേളനത്തിൽ താഴെപ്പറയുന്ന വിഷയങ്ങളെ അധികരിച്ച് അവതരിപ്പിച്ച പ്രബന്ധങ്ങളിൽ വിശദമായി ചർച്ച ചെയ്യുകയും അതിന്മേൽ നിർദ്ദേശങ്ങൾ ഉയർന്നു വരികയും ചെയ്തിട്ടുണ്ട്. |

1. സഹകരണ സംഘം നിയമ ഭേദഗതി.
2. കേരളത്തിലെ ആശുപത്രി സഹകരണ സംഘങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും.
3. ഖാദി ഗ്രാമ വ്യവസായ മേഖല കേരളത്തിൽ
4. കേരളത്തിലെ കോൺട്രാക്ട് സഹകരണ സംഘങ്ങളും അവ നേരിടുന്ന പ്രശ്നങ്ങളും.
5. സഹകരണ ഭവന മേഖല സാധ്യതകളും മാർഗ്ഗങ്ങളും.
6. സഹകരണ പ്രസ്ഥാനവും പട്ടിക ജാതി പട്ടികവർഗ്ഗ ജന വിഭാഗങ്ങളും.
7. സഹകരണ മേഖലയും ജീവനക്കാരും.
8. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ
9. പലവക സഹകരണ സംഘങ്ങൾ
10. സാഹിത്യ പ്രവർത്തക സഹകരണ സംഘം.
11. സഹകരണ പ്രിന്റിംഗ് പ്രസ്സുകൾ

12. ശാരീരിക മാനസിക വൈകല്യം നേരിടുന്നവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള സഹകരണ സംഘങ്ങളുടെ രൂപീകരണം.
13. കേരളത്തിലെ ക്ഷീര സഹകരണ മേഖല ഇന്നലെ-ഇന്ന്-നാളെ
14. അർബൻ സഹകരണ ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ.
15. പ്രൊഫഷണൽ വിദ്യാഭ്യാസവും സഹകരണ മേഖലയും
16. കയർ സഹകരണ മേഖല 1952 മുതൽ 2012 വരെ
17. ഉയിർത്തെഴുന്നേൽപ്പിനായി കേഴുന്ന കൈത്തറി വ്യവസായവും തൊഴിലും.
18. ഉപഭോക്തൃ പ്രസ്ഥാനം സഹകരണ മേഖലയിൽ
19. സഹകരണ വായ്പാ മേഖല-പുത്തൻ അവസരങ്ങളും വെല്ലുവിളികളും.
20. വനിതാ സഹകരണ സംഘങ്ങൾ.
21. കാർഷികഗ്രാമ വികസന ബാങ്കും സുസ്ഥിര കാർഷികഗ്രാമ വികസനവും.

| | |
|---|---|
| സി) ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി സംസ്ഥാന സഹകരണ നിയമത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | സി) ഭരണ ഘടനാ (97-ാം ഭേദഗതി) നിയമം, 2011-ന് അനുസൃതമായും, സംസ്ഥാനത്തെ സഹകരണ മേഖലയ്ക്കുണ്ടായ വളർച്ചയ്ക്കനുസൃതമായും സംസ്ഥാന സഹകരണ നിയമത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) പ്രസ്തുത മാറ്റം വരുത്തുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | 7-ാം സഹകരണ കോൺഗ്രസിൽ കേരള സഹകരണ സംഘം നിയമഭേദഗതി സംബന്ധിച്ച് സഹകാരികളുമായി ചർച്ചകളും ആശയ വിനിമയങ്ങളും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ